# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ നം. 1128

11.02.2016 - ൽ മറുപടി
നൽകേണ്ടിയിരുന്നത്

## അനാദായകരമായ സ്കൂളുകളും ഏകാദ്ധ്യാപക സ്കൂളുകളും

**ചോദ്യം**
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

**ഉത്തരം**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) അനാദായകരമായി കണക്കാക്കിയിട്ടുള്ള സ്കൂളുകളുടെ എണ്ണമെത്ര; ഇവ അടച്ചുപൂട്ടൽ ഭീഷണിയിലാണോ;

(എ) 2015-16 അധ്യയന വർഷം 2606 ഗവണ്മെന്റ് സ്കൂളുകളും 3109 എയ്ഡഡ് സ്കൂളുകളും ഉൾപ്പെടെ ആകെ 5715 സ്കൂളുകൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളായി പ്രവർത്തിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അടച്ചുപൂട്ടിയ സ്കൂളുകളുടെ എണ്ണമെത്ര; അവയിൽ സർക്കാർ സ്കൂളുകൾ എത്ര;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ സ്കൂളുകളൊന്നും അടച്ചുപൂട്ടിയിട്ടില്ല. മുൻ സർക്കാരിന്റെ കാലത്ത് 1 സർക്കാർ സ്കൂളും 4 എയ്ഡഡ് സ്കൂളുകളും അടച്ചുപൂട്ടുകയുണ്ടായി. കോടതി വിധി പ്രകാരം അടച്ചുപൂട്ടുവാൻ ഉത്തരവായ ടി 4 എയ്ഡഡ് സ്കൂളുകൾ ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(സി) എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്; എവിടെയെല്ലാം;

(സി) 11 ജില്ലകളിലായി 270 ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നത്. വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഉപജില്ലാ തലം (വിദ്യാലയങ്ങളുടെ എണ്ണം) |
|---|---|
| തിരുവനന്തപുരം | ആറ്റിങ്ങൽ - 3 |
| | പാലോട് - 5 |
| | കണിയാപുരം - 2 |
| | കാട്ടാക്കട - 2 |
| | പാറശ്ശാല - 1 |
| കൊല്ലം | പുനലൂർ - 2 |
| ഇടുക്കി | അടിമാലി - 19 |
| | പീരുമേട് - 4 |
| | കട്ടപ്പന - 5 |
| | മൂന്നാർ - 25 |
| | നെടുങ്കണ്ടം - 4 |
| | അറക്കുളം - 7 |
| എറണാകുളം | കോതമംഗലം - 5 |
| തൃശ്ശൂർ | വടക്കാഞ്ചേരി - 1 |
| പാലക്കാട് | കൊല്ലംകോട് - 6 |
| | മണ്ണാർക്കാട് - 20 |

| | |
|---|---|
| മലപ്പുറം | അരീക്കോട് - 4 |
| | വേങ്ങര - 1 |
| | മഞ്ചേരി - 3 |
| | താനൂർ - 4 |
| | നിലമ്പൂർ - 25 |
| | തിരൂർ - 1 |
| | കീഴിശ്ശേരി - 1 |
| | വണ്ടൂർ - 4 |
| | പരപ്പനങ്ങാടി - 2 |
| കോഴിക്കോട് | ബാലുശ്ശേരി - 1 |
| | മുക്കം - 1 |
| | കുന്നമ്മൽ - 1 |
| | താമരശ്ശേരി - 6 |
| | കൊടുവള്ളി - 6 |
| വയനാട് | സുൽത്താൻ ബത്തേരി - 14 |
| | വൈത്തിരി - 5 |
| | മാനന്തവാടി - 13 |
| കണ്ണൂർ | ഇരിട്ടി - 8 |
| | ഇരിക്കൂർ - 6 |
| കാസർഗോഡ് | ചിറ്റാരിക്കൽ - 6 |
| | ഹോസ്ദുർഗ് - 5 |
| | ബേക്കൽ - 3 |
| | മഞ്ചേശ്വരം - 10 |
| | കാസർഗോഡ് - 8 |
| | കുമ്പള - 21 |

(ഡി) ഈ വിദ്യാലയങ്ങളിൽ കൃത്യമായി ശമ്പളം നൽകാത്തതിനാൽ അദ്ധ്യാപകർ ഒഴിഞ്ഞുപോയതുമൂലം അടച്ചുപൂട്ടിയ വിദ്യാലയങ്ങൾ ഉണ്ടോ; എങ്കിൽ എത്ര;

(ഡി) ഇല്ല.

(ഇ) ഇത്തരം വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

(ഇ) 1 മുതൽ 4 ക്ലാസ്സ് വരെയുള്ള പഠത്തിനായാണ് വിദ്യാർത്ഥികൾ ഏകാദ്ധ്യാപക വിദ്യാലയങ്ങളെ ആശ്രയിക്കുന്നത്. തുടർ പഠനത്തിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വാഹന സൗകര്യം ഏർപ്പെടുത്തി ഇവരെ തൊട്ടടുത്തുള്ള സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്.

Rema. V

സെക്ഷൻ ഓഫീസർ